# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജി എച്ച് എസ് എസ്

## തിരുനല്ലൂർ

**2025-26**

# ഉള്ളടക്കം

ലക്ഷ്യങ്ങൾ
പ്രശ്നങ്ങളും വെല്ലുവിളികളും
മലയാളം
ഇംഗ്ലീഷ്
ഹിന്ദി
സോഷ്യൽസയൻസ്
സയൻസ്
ഗണിതം
ഐടി
കലാകായികം
പ്രവർത്തിപരിചയം

**ആമുഖം**

**പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക ,സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത് . 2025 - 26 അധ്യായന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുവാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിലുള്ള വൈകാരിക, സാമൂഹിക ,വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക, പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹൃദപരവും കൂടുതൽ ആസ്വാദ്യകരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു .**

ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പാക്കുക.

* ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ  പരിപോഷിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക.

* മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക.

* ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക. Vb

* മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പാക്കുക.

* പഠന പിന്നോക്ക അവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

* പാഠ്യ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

* മുഴുവൻ ക്ലാസ്സുകൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

* പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.

* പഠന ക്യാമ്പുകൾ, ലഘു പഠനയാത്രകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങി  വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.

* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.

* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക,കൂടുതൽ മെച്ചപ്പെടുത്തുക.

* വിദ്യാലയത്തെ സാമൂഹികമായി ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക.

* പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുക.

Edit with WPS Office

* ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.

* കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക, പല ഘട്ടങ്ങളിലായി മേളകൾ സംഘടിപ്പിക്കുക

* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം മാറ്റിയെടുക്കുക.

* അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക.

* ഭക്ഷണം കൂടുതൽ രുചികരവും വൈവിധ്യവും ജനകീയവും ആക്കുക.

Edit with WPS Office

## പ്രശ്നങ്ങൾ,വെല്ലുവിളികൾ

### അക്കാദമികം

മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.

ശരിയായ കായികക്ഷമത ഉറപ്പാക്കാൻ കഴിയുന്നില്ല.

ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്നില്ല.

ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ് , ഹിന്ദി , ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട

ശേഷികൾ മുഴവൻ ആർജ്ജിക്കുവാൻ കഴിയുന്നില്ല.

പ്രാദേശിക വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യം ഉള്ളതും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.

ക്ലാസ് ലൈബ്രറി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ക്ലബ്ബ് പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി മാറുന്നില്ല.

കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല.

### ഭൗതികം

ക്ലാസ് ലൈബ്രറിക്ക് സൗകര്യമില്ല.

ഗണിതശാസ്ത്ര ലാബ് സാമൂഹ്യശാസ്ത്ര ലാബ് സൗകര്യമില്ല.

ഭാഷ ലാബ് പ്രവർത്തനം ആയിട്ടില്ല.

ഓഡിറ്റോറിയത്തിലും ലൈബ്രറിയിലും ആവശ്യത്തിന് ഇരിപ്പിടം ഇല്ല.

യുപി സെക്ഷനിൽ കമ്പ്യൂട്ടർ ലാബ് സൗകര്യം ഇല്ല.

ഹൈസ്കൂൾ കമ്പ്യൂട്ടർ ലാബിൽ ആവശ്യത്തിനു ഫർണിച്ചറുകൾ ഇല്ല.

സ്റ്റേജ് ,അസംബ്ലി ഹാൾ ,മെസ് ഹാൾ സൗകര്യം ഇല്ല.

സ്കൂൾ മാലിന്യ നിക്ഷേപത്തിന് സൗകര്യമില്ല.

റിസോഴ്സ് മുറികളുടെ അഭാവം.

### സാമൂഹികം

ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ സാമൂഹിക പങ്കാളിത്തം ഉണ്ടാകുന്നില്ല.

പൂർവ്വ വിദ്യാർത്ഥി സംഘടന ,പൂർവ്വ അധ്യാപക സംഘടന ,മദർ പി റ്റി എ ,എസ് എം സി ,പി റ്റി എ എന്നീ സംഘടനകളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും വിദ്യാർത്ഥികളിലും വികസിക്കുന്നില്ല.

കലാകായിക സാംസ്കാരിക പ്രവൃത്തി പരിചയ പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്തുന്നതിനും കഴിയുന്നില്ല.

.......................................................................................................................

# അക്കാദമിക് മാസ്റ്റർപ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം മേഖല മലയാളം

| Sl No | പ്രശ്നങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചെലവ് | ഏജൻസി |
|---|---|---|---|---|---|
| 1. | UP/HS തലങ്ങളിൽ വായനയിലും എഴുത്തിലും ഉള്ള പിന്നോക്കാവസ്ഥ. | വായനാകാർഡിലൂടെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു. ഒഴിവു ദിവസങ്ങളിൽ കുട്ടികളെയും രക്ഷിതാവിനെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള പഠന ക്ലാസുകൾ നടത്തുന്നു. | June 2025-26 | Rs.5,000.00 | PTA, SRG |
| 2. | വ്യത്യസ്ത സാഹിത്യ തലങ്ങൾ പരിചയപ്പെടുത്തുന്നതിന്. | വ്യത്യസ്ത കലാരൂപങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി ശില്പശാല, കവിയരങ്ങ്, പ്രശസ്ത സാഹിത്യ-കാരന്മാരുമായുള്ള സംവാദം ഇവ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ മാസങ്ങൾ | Rs.10,000.00 | PTA |

| | | | | | |
|---|---|---|---|---|---|
| 3. | മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷകമാക്കൽ. | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, സാഹിത്യകൃതികളിലെ കഥാപാത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള ചുവർ ചിത്രങ്ങൾ നിർമ്മിക്കുക. | | Rs.20,000.00 | പൂർവ്വ വിദ്യാർത്ഥികൾ or B.R.C |
| 4. | ഭാഷയുമായി ബന്ധപ്പെട്ട് ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കൽ. | കുട്ടികളുടെ സർഗാത്മക കഴിവുകൾ ഉൾപ്പെടുത്തി കഥ, കവിത, ആസ്വാദനക്കുറിപ്പ് എന്നിവ ശേഖരിച്ച് മാസികകൾ തയ്യാറാക്കുന്നു | | | |
| 5. | ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി Worksheet തയ്യാറാക്കുന്നു. ക്ലാസുകളിൽ ഈ Worksheets ഉപയോഗിക്കുന്നു. കുട്ടികൾക്ക് ഏത് സമയത്തും പുസ്തകങ്ങൾ പ്രയോജനപ്പെടുത്താവുന്ന രീതിയിൽ വായനശാല ഉണ്ടാക്കുന്നു. | | Rs.3000.00 | മലയാളം ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 6. | ഭാഷാ പഠനം ലളിതവും ആകർഷകവുമാക്കാൻ | ഭിന്നനിലവാരക്കാർക്ക് അനുയോജ്യമായ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു .<br><br>കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാ ലാബ് സജ്ജീകരിക്കുന്നു.<br><br>ഇൻറർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | | | |
| 7. | ഉയർന്ന സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യം ഇല്ലാത്തത്. | പ്രാദേശികമായി ലഭ്യമാകുന്ന സാഹിത്യകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാദേശിക സാഹിത്യ കൂട്ടായ്മ. ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ ഓരോ മാസത്തിലും മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ. | | Rs.1000.00 | ലൈബ്രറി, വിദ്യാരംഗം |

| | | | | | |
|---|---|---|---|---|---|
| 8. | യുപി, ഹൈസ്കൂൾ ക്ലാസുകളിലെ പാഠഭാഗങ്ങളിൽ ആധുനിക സാങ്കേതികവിദ്യക്കുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | യുപി, ഹൈസ്കൂൾ സ്ഥലങ്ങളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ICT സാധ്യതകൾ കണ്ടെത്തുന്നു. പഠന വിഭവങ്ങൾ തയ്യാറാക്കുന്നു. | | Rs.1000.00 | മലയാളം ക്ലബ് |
| 9. | കുട്ടികളിലെ വായനാശീലം കുറയുന്നതായി അനുഭവപ്പെടുന്നു. | പുസ്തകങ്ങൾ കുട്ടികൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ നൽകുകയും അതുമായി ബന്ധപ്പെട്ട ക്വിസ് മത്സരം, വായനക്കുറിപ്പ് മത്സരം തുടങ്ങിയവ നടത്തുകയും ചെയ്യുന്നു. | | | |

| Academic Master Plan – English<br>STD 8,9,10 | | | | | |
|---|---|---|---|---|---|
| **Sl.No.** | **Programmes** | **Activities** | **Duration** | **Expense** | **Agency** |
| 1 | Ineffective teaching | Classes in the target language for the teachers<br>Work shop for teachers by language experts<br>Work shop for teachers on teaching learning materials | 2025-26 | 5000 | PTA,MPTA,TEACHERS |
| 2 | Defective pronunciation | Audio -video clippings on correct pronunciation<br>Classes on phonetics<br>Language Lab<br>ICT facilities<br>Video clippings<br>Readers Theatre | 2025-26 | 50000 | PTA, MPTA,TEACHERS |
| 3 | Lack of communication Skills | Dramatisation of stories and enacting them<br>Conducting debates and seminars .<br>Conducting English Fests<br>Theatre work shop<br>Language lab<br>Formation of English club<br>English assembly<br>Developing translation skills. | 2025-26 | 200000 | PTA,MPTA,TEACHERS, BRC , Management |
| 4 | Addressing show pace learners | TM and TLM addressing the slow pace learners<br>Special coaching classes for slow pace learners | 2025-26 | 2000 | English teachers |
| 5 | Support to gifted children | Special coaching classes using language experts<br>Introducing English library<br>English book exhibition<br>Classes on creative writing<br>Magazines created by children<br>Digital library | 2025-26 | 3000 | PTA |
| 6 | Insufficient vocabulary | Word games<br>Word study using computers<br>Spelling contests<br>Making cross word puzzles<br>Dictionary making using the words of the text book | 2025-26 | 5000 | PTA |

| | | | | | |
|---|---|---|---|---|---|
| 7 | Deffective Sentence pattern | .Making sentence cards<br>Using sentence cards in class room<br>Correct sentence structure with ICT facilities (Conversations)<br>Publishing printed magazines<br>Publishing magzines in English<br>English bulletin | 2025-26 | 15000 | English teachers |
| 8 | Illegible hand writing | Writing with ICT facitilies<br>Peer group learning<br>English diary | 2025-26 | 1000 | English teachers |

## മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

# ACADEMIC MASTERPLAN

# HINDI

# 2025-26

മേഖല : അക്കാദമികം     ഉപമേഖല : ഹിന്ദി ഭാഷ  സ്കൂൾ  തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ /സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ,ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ചു അറിവുക |

| | | | | | |
|---|---|---|---|---|---|
| | | | | | ൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം, പരിസര ശുചിത്വം , ഹരിത ക്യാമ്പസ് ,സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകതയെക്കുറിച്ചു മനസ്സിലാക്കുന്നു |
| 4 | വായനാദിനം, അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 5 | ലഹരിവിരുദ്ധ ദിനം ,ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6,7 | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു. |
| 6 | പ്രേംചന്ദ് ജയന്തി. | ജൂലൈ 31 | 5,6,7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ചു അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി | സെപ്റ്റംബർ14 | 5,6,7 | ഹിന്ദി | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| | പത്രിക തയ്യാറാക്കുക. | | | അധ്യാപകർ | ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ ,ഹിന്ദി ക്ലബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദി അധ്യാപകർ , ഹിന്ദി ക്ലബ് | ചാച്ചാജിയെക്കുറിച്ചു അറിയാനും ദേശസ്നേഹം വർധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു |
| 10 | വിശ്വഹിന്ദി ദിനം, പോസ്റ്റർ | ജനുവരി | 5,6 | ഹിന്ദി | ഹിന്ദി |

| | | | | | |
|---|---|---|---|---|---|
| | നിർമാണം, പ്രസംഗം | 10 | ,7 | അധ്യാപകർ, ഹിന്ദി ക്ലബ് | ഭാഷയിൽ വാക് ചാതുരി ലഭിക്കുന്നു |
| | | | | | |
| 11 | ഹിന്ദി നാടകോത്സവം<br>• കഥാവായന<br>• കഥാരചന<br>• അഭിനയപരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം | 1 വർഷം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ, PTA,രക്ഷിതാക്കൾ , ഹിന്ദി ക്ലബ് | ഭാഷാ ജ്ഞാനം വർധിപ്പിക്കാൻ സാധിക്കുന്നു |

| **അക്കാദമിക മാസ്റ്റർ പ്ലാൻ**<br>**വിഷയം–സാമൂഹ്യശാസ്ത്രം**<br><br>ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക.<br><br>2. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | *സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു<br><br>* അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ഒരു വർഷം | *സാമൂഹ്യ ശാസ്ത്ര അധ്യാപകർ | *സ്കൂൾ, *കുട്ടികൾ, *സുമനസ്സുകൾ (10000) |
| 3. പല പ്രദേശങ്ങളെക്കുറിച്ചും | * ഭൂപടം തയ്യാറാക്കൽ | *6മാസം | *സാമൂഹ്യ ശാസ്ത്ര | *കുട്ടിക |

| | | | | |
|---|---|---|---|---|
| പഴയകാല ഉപകരണങ്ങളെ കുറിച്ചുമുള്ള ധാരണ വളർത്തൽ | * ഓരോ ക്ലാസ്സിന്റെയും ചുമരിൽ കേരളത്തിന്റെയും ഇന്ത്യയുടെയും ഭൂപടങ്ങൾ വരയ്ക്കുക<br><br>* പഴയകാല ഉപകരണങ്ങൾ സാധനങ്ങൾ എന്നിവ ശേഖരിച്ച് സോഷ്യൽ സയൻസ് ലാബ് നിർമ്മിക്കുക | | അധ്യാപക ർ | ൾ<br>*അധ്യാ പകർ<br>*രക്ഷി താക്കൾ<br>* പൂർവ്വ വിദ്യാർ ത്ഥികൾ<br>(10000) |
| 4. പ്രാദേശിക ചരിത്രത്തെക്കുറിച്ചും പ്രധാന ആഘോഷങ്ങളെ കുറിച്ചും ധാരണ വളർത്തൽ | * കുട്ടികളുടെ ചരിത്രരചന പ്രോത്സാഹിപ്പിക്കു ക<br><br>* ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശനം<br><br>* മുതിർന്ന പൗരന്മാരുമായി അഭിമുഖം<br><br>* വിദഗ്ധരായ ആളുകളുടെ ക്ലാസ്സ്<br><br>*ദിനാചരണങ്ങൾ സംഘടിപ്പിക്കുക | *അക്കാ ദമിക വർഷം മുഴുവ നും | സാമൂഹ്യശാ സ്ത്ര അധ്യാപകർ | *കുട്ടിക ൾ<br>*രക്ഷി താക്കൾ<br>*അധ്യാ പകർ<br>*പൂർവ്വ അധ്യാ പകർ<br>*എസ് എസ് ജി<br>(3000) |

| | | | | |
|---|---|---|---|---|
| | * വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | | | |
| 5. പരീക്ഷണ നിരീക്ഷണം വളർത്തുക | * സാമൂഹ്യശാസ്ത്ര ലാബുകളിലൂടെ ആകാശക്കാഴ്ചകൾ , കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു | ഒരു വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപക ർ | PTA |
| 6. മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ വളരുക, സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | * സർവ്വേ, പ്രോജക്ട് ചർച്ചകൾ, സംവാദം ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദ മിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂ ഹ്യ ശാസ്ത്ര ക്ലബ്ബ്.<br><br>സാമ്പ ത്തികം ആവശ്യ മില്ല |
| 7.കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക<br><br>8.സാമൂഹ്യ ശാസ്ത്ര | സാമൂഹ്യശാസ്ത്ര വുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കു ന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, | അക്കാദ മിക വർഷം മുഴുവ നും | സാമൂഹ്യ ശാസ്ത്ര അധ്യാപക ർ | സാമൂ ഹ്യ ശാസ്ത്ര ക്ലബ്ബ് (1000) |

| | | | | |
|---|---|---|---|---|
| അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക,<br>വീഡിയോ പ്രദർശനം,<br>പ്രോജക്ട് റൂം,<br>സിനിമ, (ചരിത്ര സിനിമ) പ്രദർശനം<br><br>ബുള്ളറ്റിൻബോർഡ്<br><br>ഡിബേറ്റ് ക്ലബ്ബ് | | | |
| 9,സാമൂഹ്യ സേവനം മനസ്സിലാക്കൽ<br><br>10. ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് വഴി പണം ശേഖരിച്ച് സാമൂഹ്യ സേവനത്തിന് ഉപയോഗിക്കുക<br><br>ആശുപത്രി സന്ദർശനം<br><br>പാലിയേറ്റീവ് കെയർ ക്ലിനിക് സന്ദർശനം<br><br>ക്ലാസ്സ് സംഘടിപ്പിക്കുക<br><br>ജൈവവൈവിധ്യങ്ങളെപ്പറ്റി അവബോധം നൽകാൻ<br>വനം വകുപ്പുമായി | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ചേർന്നുകൊണ്ട് ജൈവവൈവിധ്യ പാർക്കുകളിൽ പഠനയാത്ര | | | |

# ശാസ്ത്രം HS

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 1. മുഴുവൻ കുട്ടികളെയും ശാസ്ത്രത്തിൻറെ പ്രക്രിയ ശേഷികളിൽ നിശ്ചിത നിലവാരത്തിൽ എത്തിക്കുക. | സ്കൂൾ ലാബ് ശാക്തീകരണം.<br>കുട്ടിക്കൊരു ശാസ്ത്ര കിറ്റ്.<br>സയൻസ് എക്സിബിഷൻ.<br>ക്ലാസ് റൂമുകളിലെ ശാസ്ത്ര കോർണറുകൾ. | എല്ലാ വർഷവും | 50,000 | സയൻസ് ക്ലബ് , പിടിഎ<br>പൂർവ വിദ്യാർത്ഥികൾ. |
| 2. ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ കുറവ്. | വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസ്<br>ശാസ്ത്ര നാടകം<br>ശാസ്ത്രലൈബ്രറി<br>വർക്ക് ഷോപ്പ്<br>സയൻസ് മാഗസിൻ | എല്ലാ വർഷവും | 20,000 | സയൻസ് ക്ലബ് , പിടിഎ |
| 3. ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവുകൾ പരിഹരിക്കുക. | ഐസിടി വിഭവങ്ങൾ തയ്യാറാക്കൽ<br>ഡിജിറ്റൽ ലൈവ് ക്ലാസ്<br><br>പാഠഭാഗങ്ങളിലെ ആശയങ്ങൾ | എല്ലാ വർഷവും | 10,000 | സയൻസ് ക്ലബ് , IT ക്ലബ് |

| | | | | |
|---|---|---|---|---|
| 4. സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ. | ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചുമർ ചിത്രങ്ങൾ. പ്രത്യേക പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഓപ്പൺ സ്പേസ് പരീക്ഷണങ്ങൾ നടത്തുന്നു. | 2025-26 | 15,000 | സയൻസ് ക്ലബ് , പിടിഎ പൂർവ വിദ്യാർത്ഥികൾ. |
| 5. കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുന്നതിന്. | ഫീൽഡ് ട്രിപ്പ്, വാനനിരീക്ഷണം,ശാസ്ത്ര സന്ധ്യകൾ. | എല്ലാ വർഷവും | 5,000 | സയൻസ് ക്ലബ് , പിടിഎ പൂർവ വിദ്യാർത്ഥികൾ. |
| 6. 5 മുതൽ 10 വരെ ക്ലാസുകളിൽ പാഠ്യ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠന നേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | അഞ്ചു മുതൽ 10 വരെ ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വർക്ക് ഷീറ്റുകൾ തയ്യാറാക്കുക. നിരന്തര മൂല്യനിർണയത്തിന് ആവശ്യമായ ടൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുക. ഉപകരണ നിർമ്മാണ ശില്പശാല നടത്തി ലാബ് ശാക്തീകരിക്കുക . | 2025 ആദ്യപാദം | 20,000 | സയൻസ് ക്ലബ് , പിടിഎ |
| | ജൈവവൈവിധ്യം നിലനിൽക്കുന്ന | | | |

| | | | | |
|---|---|---|---|---|
| 7. സ്കൂളിൻറെ ചുറ്റുപാടുകളെ കുറിച്ചുള്ള അറിവ് ലഭിക്കുക. | കാവുകൾ കുളങ്ങൾ എന്നിവ സന്ദർശിക്കൽ.<br>ജലശുദ്ധീകരണ പ്ലാൻറ് സന്ദർശിക്കൽ. | 2025-26 | 5,000 | സയൻസ് ക്ലബ് , IT ക്ലബ് |
| 8. കുട്ടികളിൽ കാർഷിക അവബോധം വളർത്തുന്നതിന്. | സ്കൂൾ പരിസരത്തുള്ള കൃഷിയിടങ്ങൾ സന്ദർശിക്കൽ. കർഷകരുമായുള്ള അഭിമുഖം. ,കർഷകരെ ആദരിക്കൽ.<br>കാർഷിക വിളകളുടെ പ്രദർശനം. | എല്ലാ വർഷവും | 5,000 | സയൻസ് ക്ലബ് , എക്കോ ക്ലബ്ബ് പിടിഎ, IT ക്ലബ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-2026

## ഗണിതം - ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലന |
|---|---|---|---|---|
| **1) ആശയധാരണ കൈവരിക്കൽ** | ഒപ്പത്തിനൊപ്പം | | ഗണിത | |
| | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാ | ജൂൺ ആദ്യം | അധ്യാപകർ | |
| | ക്കൽ, maths ക്ലിനിക് | | പഠനത്തിൽ | |
| | | | മുന്നോക്കം | |
| | | | നിൽക്കുന്ന | |
| | | | കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കാൻ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ | ജൂൺ ആദ്യം | | |
| | ലഭ്യത, ശില്പശാലകൾ | അക്കാദമിക | അധ്യാപകർ | PTA |
| | | തുടർ | | |
| | | പ്രവർത്തനം | | |
| 3) ഗണിത പഠനം രസകരവും ആകർഷകരവും | 1. ഗണിത ക്ലബ്ബിൻറെ ആരംഭം | ജൂൺ | ഗണിത | |
| ആക്കുക | 2. ഗണിത ബുള്ളറ്റിൻ ബോർഡ് | ജൂൺ | അധ്യാപകർ | |
| | 3. ഗണിത പസിൽ ബോക്സ് | മാസത്തിൽ രണ്ട് | ഗണിത ക്ലബ്ബ് | അധ്യാപകർ |
| | 4. ഗണിത ശാസ്ത്രജ്ഞരുടെ | അക്കാദമിക | അംഗങ്ങൾ | |
| | ദിനങ്ങൾ ആചരിക്കൽ | തുടർ | | |
| | 5. ഗണിത അസംബ്ലി | പ്രവർത്തനം | | |
| 4) സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | അക്കാദമിക | എല്ലാ | |
| | | തുടർ | അധ്യാപകരും | |
| | | പ്രവർത്തനം | സംഘത്തലവൻ | |
| | | | | |
| 5) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടു | | | HM | |
| ക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവയെ | ഗണിത ശിൽപ്പശാല | വർഷത്തിൽ | എല്ലാ | PTA |
| പരിചയപ്പെടൽ | | ഒന്ന് | അധ്യാപകരും | STAFF |
| | | | ഗണിത ക്ലബ്ബ് | |
| | | | | |
| 6) ഗണിത മത്സര വേദിയിലേക്ക് | ഗണിതശാസ്ത്രമേള | ജൂലൈ | | |
| ഗണിത മേളകളിൽ ഊർജ്ജസ്വലത | സ്കൂൾ തലം | ആഗസ്റ്റ് | എല്ലാ | PTA |
| കൈവരിക്കൽ | | | അധ്യാപകരും | |
| | | | | |
| 7) ഗണിത പ്രതിഭകളെ കണ്ടെത്തി വളർത്തൽ | 1. ഗണിത ക്വിസ്, മെഗാ ക്വിസ് | വർഷത്തിൽ | ഗണിത | |
| | 2.maths talent search exam | മൂന്ന് തവണ | അധ്യാപകർ | |
| | | | | |
| 8)ICT പരിശീലനം | 1.Geogebra | അക്കാദമിക | ഗണിത | |
| | 2.Openboard | തുടർ | അധ്യാപകർ | |
| | പരിശീലനങ്ങൾ | പ്രവർത്തനം | ഗണിത ക്ലബ്ബ് | |
| 9) ഗണിതത്തിലേക്ക് കുട്ടികളെ | ഗണിത തിരുവാതിര, | | HM | |
| ആകൃഷ്ടരാക്കൽ | ഗണിത കളികൾ, ചെസ്സ്, | അക്കാദമിക | അധ്യാപകർ | PTA |
| | സെമിനാറുകൾ തുടങ്ങിയവ | തുടർ | ഗണിത ക്ലബ്ബ് | STAFF |
| | സംഘടിപ്പിക്കൽ | പ്രവർത്തനം | | |
| 10) ഗണിത സാഹിത്യ സൃഷ്ടികൾ | | | | |
| പരിചയപ്പെടുത്തൽ, കുട്ടികൾക്ക് സ്വയം | ഗണിത മാഗസിൻ | ജനുവരി | ഗണിത | |
| രചനകൾ നടത്താൻ അവസരം നൽകാൻ | | | അധ്യാപകർ | |
| | | | ഗണിത ക്ലബ്ബ് | |
| | | | | |
| 11) ഗണിത ഗ്രന്ഥങ്ങളുടെ വായനയിലൂടെ | | അക്കാദമിക | ഗണിത | |
| ഗണിതത്തോട് കൂടുതൽ അടുക്കുന്നതിന് | ഗണിത ലൈബ്രറി | തുടർ | അധ്യാപകർ | |
| | | പ്രവർത്തനം | | |
| | | | | |
| 12) രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ | മാസത്തിൽ ഒരു PTA നടത്തു | മാസത്തിൽ | അധ്യാപകർ | |
| | ന്നു, ചുമതലകൾ നൽകുന്നു | ഒന്ന് | HM | |
| | | | PTA പ്രസിഡൻറ് | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8 വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല IT

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ഐസിടി ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക ഓരോ കാലഘട്ടത്തിലും മാറിവരുന്ന ഐസിടി ഉപകരണങ്ങൾ സോഫ്റ്റ്‌വെയറുകൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. സ്കൂളിൽ തലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുന്നു. | 2025-26 അക്കാദമിക വർഷം. | ഐസിടി പരിശീലനം നേടിയ അധ്യാപകർ | PTA |
| 2. പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക . | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുന്നു അതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതികവിദ്യകൾ പ്രായോഗികതലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | 2025-26 അക്കാദമിക വർഷം. | ഐസിടി പരിശീലനം നേടിയ അധ്യാപകർ | |
| 3. ഓരോ കാലഘട്ടത്തിലും | | | | |

| | | | | |
|---|---|---|---|---|
| സാങ്കേതികവിദ്യകൾ നൂതനമാകുന്നതിനോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ . | സൈബർ ദുരുപയോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം. മാറിമാറി വരുന്ന സാങ്കേതികവിദ്യകളെ കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിന് ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു.. | 2025-26 അക്കാദമിക വർഷം. | സൈബർസെൽ , ചൈൽഡ് ലൈൻ | PTA |
| 4. നിത്യ ജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക അതുവഴി സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പ്രചാരത്തിൽ ആക്കുക. | സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | 2025-26 അക്കാദമിക വർഷം. | IT അധ്യാപകർ | |
| 5. സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായ ഉപയോഗം. | വിഷയാധിഷ്ഠിതമായി ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | എല്ലാ വർഷങ്ങളിലും. | IT അധ്യാപകർ | |

**സംസ്കൃതം**

**അക്കാദമിക്ക് മാസ്റ്റർപ്ലാൻ**

**ക്ലാസ് - 5, 6, 7**

| **ലക്ഷ്യം** | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം**<br><br>**UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ .** | **1.ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. **<u>വീട് ഒരു പരീക്ഷണശാല.</u>**<br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. **<u>വായനാലോകം .</u>**<br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

Edit with WPS Office

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർ ക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br><br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br><br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br><br>• ലൈബ്രറി ഒരുക്കുന്നു.<br><br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Edit with WPS Office

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയം അടിസ്ഥാനത്തിലുള്ള വിവരശേഖരണം
## മേഖല- ആരോഗ്യ കായിക വിദ്യാഭ്യാസം

| SL NO | പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1. | കുട്ടികളിൽ കായിക ക്ഷമതയുടെ അഭാവം | 1. കായിക ക്ഷമതയുടെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളെയും രക്ഷകർത്താക്കളെയും ബോധവാന്മാരാക്കുക<br>2. ആവശ്യമായ പരിശീലനം നൽകുക<br>3. സ്പോർട്ട്സ് ക്യാമ്പുകൾ സംഘടിപ്പി ക്കുക<br>4. പ്രദേശത്തുള്ള കായിക പ്രതിഭ കളുടെ സേവനം ലഭ്യമാക്കുക<br>5. കുട്ടികൾക്ക് താല്പര്യമുള്ള കളികൾ കളിക്കുവാനായി അവസരം നൽകുക | ജൂൺ മുതൽ ഫെബ്രുവരി വരെ | പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർമാർ വിവിധ സംഘടനകൾ സ്റ്റാഫ്, PTA<br><br>5,000/- | സ്റ്റാഫ്,PTA തദ്ദേശ സ്വയംഭരണ സ്ഥാപനം |
| 2. | സ്പോർട്ട്സ് ഉപകരണങ്ങളുടെ അഭാവം | 1. കുട്ടികൾക്ക് പരിശീലത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക<br>2. സ്പോർട്ട്സ് ക്ലബ്ബുകളുടെ രൂപീകരണം<br>3. സ്പോർട്ട്സ് അക്കാദമി രൂപീകരിക്കൽ | | " | " |
| 3. | കുട്ടികൾക്ക് താല്പര്യമുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുവാൻ അവസരം ലഭിക്കുന്നില്ല. | 1. കുട്ടികൾക്ക് ആവശ്യമായ ഇനങ്ങളിൽ വിദഗ്ധ പരിശീലനം ലഭ്യമാക്കുക | | 20,000/- | PTA |
| 4. | കായിക താരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല | 1. കായിക പ്രതിഭകളെ ആദരിക്കൽ | | 5,000/- | PTA SPORTS CLUB പൂർവ്വ വിദ്യാർത്ഥികൾ വിവിധ സംഘടനകൾ ഹെൽത്ത് ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 5. | കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം ഇല്ല | 1. വൈദ്യ പരിശോധന<br>2. ആരോഗ്യവിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക<br>3. സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം | | | |
| 6. | പ്രഥമ ശുശ്രൂഷയെ കുറിച്ചുള്ള ധാരണക്കുറവ് | 1. വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | | | SPORTS CLUB |
| 7. | യോഗയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ധാരണക്കുറവ് | 1. ദിനാചരണങ്ങൾ സംഘടിപ്പിക്കുക (YOGA DAY ജൂൺ 21)<br>2. വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുക<br>3. ക്വിസ് മത്സരം നടത്തുക<br>4. യോഗാ മത്സരം നടത്തുക | | | SPORTS CLUB |
| 8. | കായിക ദിനാചരണങ്ങളെ കുറച്ച് ധാരണക്കുറവ് | 1. ദേശീയ സംസ്ഥാന കായിക ദിനാചരണം സംഘടിപ്പിക്കുന്നു<br>2. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു<br>3. കായിക മേളകൾ സംഘടിപ്പിക്കുന്നു<br>4. മികവ് പുലർത്തുന്ന കുട്ടികളെ സബ് ജില്ല, ജില്ല സംസ്ഥാന മത്സരങ്ങളിൽ പങ്കെടുപ്പി ക്കുന്നു | 10,000/- | | SPORTS CLUB |